സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ, സാമ്പത്തിക സഹായ നയം, ലളിത ഭാഷയിലുള്ള സംഗ്രഹം, ബില്ലിംഗും പണമീടാക്കലും സംബന്ധിച്ച നയം, എന്നിവയുടെ ഒരു സൗജന്യ പകർപ്പ്, ഇംഗ്ലീഷ്, സ്പാനിഷ് എന്നീ ഭാഷകളിലും, സാമ്പത്തിക സഹായ നയത്തിൽ വിവരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന മറ്റ് ഭാഷകളിലും, ഇനിപ്പറയുന്ന മാർഗ്ഗങ്ങളിലൂടെ ലഭ്യമാണ്:

- ആശുപത്രിയുടെ അഡ്മിഷനുമായി/ രജിസ്ട്രേഷൻ വിഭാഗവുമായി ബന്ധപ്പെടുക വഴി
- 281.312.4012 അല്ലെങ്കിൽ 281.312.4000 വിളിക്കുക, ഓപ്ഷൻ 5
- തപാൽ വഴി ഇനിപ്പറയുന്ന വിലാസത്തിൽ ഒരു അപേക്ഷയ്ക്കായി അഭ്യർത്ഥിച്ചുകൊണ്ട്:
  Attn: Financial Assistance
  300 Kingwood Medical Drive
  Kingwood, TX 77339
- Memorial Hermann Surgical Hospital Kingwood വെബ്സൈറ്റിൽ നിന്ന് ഒരു അപേക്ഷ ഡൗൺലോഡ് ചെയ്യുക വഴി: http://memorialhermannkingwood.com/financial-assistance-program

## Memorial Hermann Surgical Hospital Kingwood

നിങ്ങൾക്ക് സാമ്പത്തിക സഹായത്തിനോ മെഡിക്കെയ്ഡിനോ മെഡികെയറിനോ അല്ലെങ്കിൽ മറ്റ് പദ്ധതികൾക്കോ സൗജന്യമായ രഹസ്യാത്മക സഹായത്തിനോ അർഹതയുണ്ടോയെന്ന് അറിയാൻ, ബന്ധപ്പെടുക:

**Patient Business Services**
Attention: Financial Assistance
300 Kingwood Medical Drive
Kingwood, TX 77339

ഫോൺ: 281.312.4012 അല്ലെങ്കിൽ 281.312.4000, ഓപ്ഷൻ 5

വെള്ളിയാഴ്ച: രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെ
തിങ്കൾ മുതൽ വ്യാഴം വരെ: രാവിലെ 8 മണി മുതൽ വൈകിട്ട് 7 മണി വരെ

പതിപ്പ് തീയതി: 1 ഒക്ടോബർ 2018

MEMORIAL HERMANN

4412325

# രോഗിക്കുള്ള സാമ്പത്തിക സഹായ സംഗ്രഹം

## ലളിത ഭാഷയിലുള്ള സംഗ്രഹം



പ്രധാന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിതാ:

- ഏതൊക്കെ സേവനങ്ങൾക്കാണ് പരിരക്ഷയുള്ളത്?
- എനിക്ക് എങ്ങനെയാണ് സഹായത്തിന് അപേക്ഷിക്കാൻ കഴിയുക?
- ആർക്കൊക്കെയാണ് സഹായത്തിനുള്ള അർഹത ഉണ്ടായിരിക്കുക?
- എന്തെല്ലാമാണ് വരുമാന പരിധികൾ?
- എന്റെ വരുമാനം പരിധികൾക്ക് പുറത്താണെങ്കിൽ എന്ത് ചെയ്യണം?
- അപേക്ഷിക്കുന്നതിനുള്ള അപേക്ഷാ എവിടെയാണ് ലഭിക്കുക?

MEMORIAL HERMANN

ഭാഗികമോ പൂർണ്ണമോ ആയ ഇളവോടുകൂടിയ അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി അത്യാവശ്യമായ ആശുപത്രി പരിചരണത്തിനായി, വരുമാനത്തെയും കുടുംബ വലിപ്പത്തെയും ഫെഡറൽ ദാരിദ്ര്യ രേഖയെയും അടിസ്ഥാനമാക്കി, അർഹതയുള്ള രോഗികൾക്ക് Memorial Hermann Surgical Hospital Kingwood സാമ്പത്തിക സഹായം നൽകുന്നു. സാമ്പത്തിക സഹായം തേടുന്ന രോഗികൾ, ഈ ഡോക്യുമെന്റിൽ ചുരുക്കി വിവരിച്ചിരിക്കുന്ന പദ്ധതിക്കായി അപേക്ഷിക്കണം.

## ഏതൊക്കെ സേവനങ്ങൾക്കാണ് പരിരക്ഷയുള്ളത്?

Memorial Hermann Surgical Hospital Kingwood-ൽ നൽകപ്പെടുന്ന അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി അത്യാവശ്യമായ സേവനങ്ങൾക്ക് സാമ്പത്തിക സഹായ നയത്തിൽ (FAP) പരിരക്ഷ നൽകുന്നു.

സാമ്പത്തിക സഹായ നയം ഇനിപ്പറയുന്നവയ്ക്ക് പരിരക്ഷ നൽകുന്നതല്ല: സൗന്ദര്യവർദ്ധക നടപടിക്രമങ്ങൾ, Memorial Hermann Surgical Hospital Kingwood-യിൽ നിങ്ങൾക്ക് പരിചരണം നൽകുന്നവരും എന്നാൽ ആശുപത്രിയുടെ ജീവനക്കാരല്ലാത്തവരുമായ ഫിസിഷ്യന്മാരും മറ്റ് ദാതാക്കളും നൽകുന്ന സേവനങ്ങൾ അല്ലെങ്കിൽ സേവനങ്ങൾക്ക് ആശുപത്രി വഴിയല്ലാതെ, പ്രത്യേക ബിൽ നൽകുന്ന ദാതാക്കൾ നൽകുന്ന സേവനങ്ങൾ.

## എങ്ങനെ അപേക്ഷിക്കണം

സാമ്പത്തിക സഹായ നയവും അപേക്ഷാ ഫോമും, നേരിട്ടോ തപാൽ വഴിയോ ടെലിഫോൺ വഴിയോ Memorial Hermann Surgical Hospital Kingwood വെബ്സൈറ്റിൽ നിന്നോ കരസ്ഥമാക്കാവുന്നതാണ്. അപേക്ഷ പൂരിപ്പിച്ച് അഭ്യർത്ഥിച്ചിരിക്കുന്ന രേഖകൾ ഉൾപ്പെടുത്തി അഡ്മിഷൻ/രജിസ്ട്രേഷൻ വിഭാഗത്തിന് സമർപ്പിക്കുകയോ ഈ ലഘുലേഖയുടെ പിൻവശത്ത് നൽകിയിരിക്കുന്ന വിലാസത്തിൽ അയയ്ക്കുകയോ ചെയ്യുക.

## വരുമാന പരിധികൾ

അർഹതയ്ക്കുള്ള ഘടകങ്ങളിലൊന്ന് വരുമാനമാണ്, താഴെ നൽകിയിരിക്കുന്ന പട്ടികയെ അടിസ്ഥാനമാക്കിയാണ് അത് നിർണ്ണയിക്കുന്നത്:

**2019 ദാരിദ്ര്യ മാർഗ്ഗനിർദ്ദേശങ്ങൾ**

| കുടുംബത്തിലെ/വീട്ടിലെ വ്യക്തികൾ | പ്രതിവർഷ വരുമാനം |
|---|---|
| 1 | $ 12,490 |
| 2 | $ 16,910 |
| 3 | $ 21,330 |
| 4 | $ 25,750 |
| 5 | $ 30,170 |
| 6 | $ 34,590 |
| 7 | $ 39,010 |
| 8 | $ 43,430 |

8 ആളുകളേക്കാൾ അധികം വ്യക്തികളുള്ള കുടുംബങ്ങൾക്ക്/വീടുകൾക്ക്: ഓരോ അധിക വ്യക്തിക്കും $ 4,420 ചേർക്കുക

## ആർക്കൊക്കെയാണ് സാമ്പത്തിക സഹായത്തിനുള്ള അർഹത ലഭിക്കുക?

നിങ്ങളുടെ വരുമാനത്തെയും കുടുംബ വലിപ്പത്തെയും ഫെഡറൽ ദാരിദ്ര്യ രേഖയെയും അടിസ്ഥാനമാക്കിയാണ് സാമ്പത്തിക സഹായ തുക നിശ്ചയിക്കുന്നത്. ഫെഡറൽ ദാരിദ്ര്യ രേഖയുടെ 200 ശതമാനമോ അതിൽ കുറവോ കുടുംബ വരുമാനമുള്ള രോഗികൾക്ക് 100 ശതമാനം ഇളവ് ലഭിച്ചേക്കാം. ഫെഡറൽ ദാരിദ്ര്യ രേഖയുടെ 200 ശതമാനത്തിൽ കൂടുതലാണ് രോഗിയുടെ കുടുംബ വരുമാനമെങ്കിൽ ഒരു ഇളവ് ലഭിച്ചേക്കാം.

ഇനിപ്പറയുന്ന വിലാസത്തിൽ നൽകിയിരിക്കുന്ന നയത്തിൽ വിശദമായ വിവരങ്ങൾ കാണുക: **http://memorialhermannkingwood.com/financial-assistance-program**

ഇൻഷൂറൻസുള്ള രോഗികളിൽ നിന്ന്, പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുക (AGB) അല്ലാതെ, മറ്റൊന്നും, അടിയന്തിര അല്ലെങ്കിൽ വൈദ്യപരമായി അത്യാവശ്യമായ പരിചരണത്തിനായി, അർഹരായ രോഗികളിൽ നിന്ന് ഈടാക്കുന്നതല്ല.

ഇനിപ്പറയുന്ന ഫോട്ടോ പതിപ്പിച്ച രേഖകൾ തിരിച്ചറിയൽ രേഖകളായി സ്വീകരിക്കപ്പെടും:

- രാജ്യം ഇഷ്യൂ ചെയ്തിട്ടുള്ള ഡ്രൈവിംഗ് ലൈസൻസ് അല്ലെങ്കിൽ തിരിച്ചറിയൽ കാർഡ്
- വിദ്യാർത്ഥി തിരിച്ചറിയൽ കാർഡ്
- പാസ്പോർട്ട് (യുഎസ് അല്ലെങ്കിൽ വിദേശരാജ്യം)
- യുഎസ് ഇമിഗ്രേഷൻ രേഖ
- ഫോറിൻ കോൺസുലേറ്റ് ഇഷ്യൂ ചെയ്തിട്ടുള്ള തിരിച്ചറിയൽ കാർഡ്
- ക്രെഡിറ്റ് കാർഡ് (ഫോട്ടോ ഉള്ളത്)